# കേരള സർവകലാശാല

നം. പി.ആർ.100/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി പ്രവേശനം : ഒന്നാംഘട്ട അലോട്ട്മെന്റ്

കേരള സർവകലാശാല 2016–2017 വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കുട്ടികൾ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചെലാൻ പ്രിന്റൗട്ടെടുത്ത് എസ്.ബി.ടി. യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1360 രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 675 രൂപയുമാണ്. അഡ്മിഷൻ ഫീസ് അടച്ച കുട്ടികൾ നിശ്ചിത സമയത്തിനകം ലോഗിൻ ചെയ്ത് നിർബന്ധമായും അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) ജൂൺ 17 വൈകിട്ട് അഞ്ച് മണിക്കകം വെബ്സൈറ്റിൽ നൽകി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കണം. അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം യഥാസമയം http://admissions.keralauniversity.ac.in -ൽ ചേർക്കാത്തവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അടുത്ത അലോട്ട്മെന്റുകളിൽ അവരെ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി അഡ്മിഷൻ ഫീസ് യഥാസമയം അടച്ച് ആ വിവരം (ജേർണൽ നമ്പർ) നിശ്ചിത സമയത്തിനുള്ളിൽ വെബ്സൈറ്റിൽ ചേർക്കണം. ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രം കോളേജുകളിൽ അഡ്മിഷന് ഹാജരായാൽ മതി.

അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം വെബ്സൈറ്റിൽ ചേർത്ത ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 17 വൈകിട്ട് അഞ്ച് മണി വരെ നീക്കം ചെയ്യാം. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

### ബി.ടെക് മൂല്യനിർണ്ണയം

കേരള സർവകലാശാല നടത്തിയ ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ (2008 & 2013 സ്കീം), എട്ടാം സെമസ്റ്റർ (2008 സ്കീം) ബി.ടെക് പരീക്ഷകളുടെ മൂല്യനിർണ്ണയം കൊല്ലം ടി.കെ.എം എൻജിനീയറിംഗ് കോളേജ്, തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗ് എന്നീ കേന്ദ്രങ്ങളിൽ ജൂൺ 15 മുതൽ തുടങ്ങും. ബന്ധപ്പെട്ട അദ്ധ്യാപകർ അതത് കേന്ദ്രങ്ങളിൽ ഹാജാരാകണം.

### എം.എസ്സി പരീക്ഷാകേന്ദ്രം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന രണ്ടാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷ കോഴിക്കോട്

കെൽട്രോൺ ഐ.ടി സെന്റർ, ആലപ്പുഴ യു.ഐ.ടി, കൊല്ലം യു.ഐ.ടി, പാളയം എസ്.ഡി.ഇ എന്നീ കേന്ദ്രങ്ങളിൽ ജൂൺ 15 മുതൽ നടത്തും. ആലപ്പുഴ എസ്.ഡി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ യു.ഐ.ടിയിലും കൊല്ലം എഫ്.എം.എൻ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം യു.ഐ.ടിയിലും തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ പാളയം എസ്.ഡി.ഇ-യിലും പരീക്ഷയെഴുതണം. പരീക്ഷയ്ക്ക് ഓഫ്ലൈനായി അപേക്ഷിച്ചവരുടെ ഹാൾടിക്കറ്റ് അതത് കേന്ദ്രങ്ങളിൽ ലഭിക്കും.

## യൂണിറ്ററി എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല ജൂലൈ 12-ന് തുടങ്ങുന്ന ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷകൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 20 (50 രൂപ പിഴയോടെ ജൂൺ 22, 250 രൂപ പിഴയോടെ ജൂൺ 24) വരെ അപേക്ഷിക്കാം.

## ബി.സി.എ ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.സി.എ (റഗുലർ - 2014 സ്കീം, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2013 സ്കീം, സപ്ലിമെന്ററി - 2013-ന് മുമ്പുള്ള (2010 സ്കീം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ടെക് പ്രവേശനം : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ഫ്യൂച്ചർ സ്റ്റഡീസ്, ഒപ്റ്റോ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പുകളിൽ എം.ടെക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഗേറ്റ് സ്കോറിന്റെ അടിസ്ഥാനത്തിനായിരിക്കും പ്രവേശനം നടത്തുക. ഗേറ്റ് സ്കോർ ഉള്ളവരുടെ അഭാവത്തിൽ നോൺ ഗേറ്റുകാരിൽ നിന്ന് എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 24.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബാച്ചിലർ ഓഫ് ഡിസൈൻ ടൈംടേബിൾ

കേരള സർവകലാശാല ജൂൺ 29-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി /ബി.എസ്.ഡബ്ലിയു ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് മൂന്നാം സെമസ്റ്റർ ബി.എസ്സി ബോട്ടണി & ബയോടെക്നോളജി, ബയോടെക്നോളജി (മൾട്ടി മേജർ), ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി (റഗുലർ &

സപ്ലിമെൻ്ററി), കമ്പ്യൂട്ടർ സയൻസ് (റഗുലർ & സപ്ലിമെൻ്ററി), ബി.എസ്. ഡബ്ല്യു പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പരീക്ഷാകേന്ദ്രം

കേരള സർവകലാശാല ജൂൺ 16-ന് തുടങ്ങുന്ന ബി.കോം (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട് പരീക്ഷയ്ക്ക് മാർ ഇവാനിയോസ് കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട ഒന്നാം വർഷ വിദ്യാർത്ഥികൾ (രജി.നം 3031507001 മുതൽ 3031507177 വരെയുള്ളവർ കുമാരപുരം കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ പരീക്ഷയെഴുതണം.

## എൻ.എസ്.എസ് അവാർഡ്

കേരള സർവകലാശാലയുടെ കീഴിലെ നാഷണൽ സർവീസ് സ്കീം 2015-16 ലെ മികച്ച എൻ.എസ്.എസ് യൂണിറ്റുകൾക്കുള്ള അവാർഡ് പ്രഖ്യാപിച്ചു. ഓവർ ആൾ ബെസ്റ്റ് എൻ.എസ്.എസ് യൂണിറ്റായി ചേർത്തല സെൻ്റ് മൈക്കിൾസ് കോളേജിനേയും ചേർത്തല ശ്രീ നാരായണ കോളേജിനേയും തെരഞ്ഞെടുത്തു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കൊല്ലം ടി.കെ.എം കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ്, വാഴിച്ചൽ ഇമ്മാനുവൽ കോളേജ് എന്നീ കോളേജുകളെ മികച്ച എൻ.എസ്.എസ് യൂണിറ്റുകളായി തെരഞ്ഞെടുത്തു. കരമന എൻ.എസ്.എസ് കോളേജ്, തിരുവനന്തപുരം ആൾ സെയിൻ്റ്സ് കോളേജ്, കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, അമ്പലപ്പുഴ ഗവ. കോളേജ്, ലോ കോളേജ്, ലോ അക്കാഡമി എന്നിവ ജൂറിയുടെ പ്രത്യേക അഭിനന്ദനത്തിന് അർഹരായി. ഗവ. വനിതാ കോളേജിലെ ഇംഗ്ലീഷ് ബിരുദ വിദ്യാർത്ഥിനി ഫാത്തിമ തസ്നി എ മികച്ച എൻ.എസ്.എസ് വോളണ്ടിയറായി തെരഞ്ഞെടുക്കപ്പെട്ടു.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
13.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ